## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815** **27-06-2024 - ൽ മറുപടിയ്ക്ക്**

## ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിന്ന് യാത്ര തിരിക്കുന്ന ഹജ്ജ് തീർത്ഥാടകർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ സൗകര്യങ്ങൾ ആണ് കോഴിക്കോട്, കണ്ണൂർ, കൊച്ചി എംബാർക്കേഷൻ പോയിന്റുകളിൽ ഒരുക്കിയിരുന്നത്. കോഴിക്കോട് ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാർ ഫണ്ടിൽ നിർമ്മിച്ച വനിത ബ്ലോക്ക് വനിതകൾക്ക് ഏറെ പ്രയോജനപ്രദം ആയിരുന്നു. കണ്ണൂർ ഹജ്ജ് ക്യാമ്പ് ഒരുക്കുന്നതിനായി സർക്കാർ ഇത്തവണയും ഒരു കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. തീർത്ഥാടകരെ ഹജ്ജിന് അനുഗമിക്കുന്നതിനായി ഖാദിമുൽ ഹുജ്ജാജുമാരുടെ (ഹജ്ജ് വളണ്ടിയർമാർ) തെരഞ്ഞെടുപ്പ് നടത്തി നിയോഗിക്കുകയുണ്ടായി. ഹജ്ജ് സെൽ സ്പെഷ്യൽ ഓഫീസറായി റിട്ടയേർഡ് എസ്.പി.-യെ നിയോഗിച്ചിട്ടുണ്ടായിരുന്നു. കൂടാതെ, മൂന്നു എംബാർക്കേഷൻ പോയിന്റുകളിലെയും കൃത്യമായ പ്രവർത്തനങ്ങൾക്കായി മൂന്ന് ഹജ്ജ് സെൽ ഓഫീസർമാരെയും (എസ്.പി റാങ്ക്), ഹജ്ജ് സെൽ മെമ്പർമാരായി വിവിധ സർക്കാർ കാര്യാലയത്തിലെ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ടായിരുന്നു.<br><br>2024 ഹജ്ജ് തീർത്ഥാടനത്തിനായി സംസ്ഥാന ഹജ്ജ് കമ്മിറ്റി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നതാണ്.<br><br>1. ഓലൈൻ മുഖേന ഹജ്ജ് അപേക്ഷ സ്വീകരണം<br><br>2. ഹജ്ജ് സേവന കേന്ദ്രം ആരംഭിക്കൽ. (സംസ്ഥാനത്തുടനീളം വിവിധ കേന്ദ്രങ്ങളിലായി).<br><br>3. ഓൺലൈൻ ഹജ്ജ് അപേക്ഷ സമർപ്പണം സുഗമമാക്കുതിന്, ഹജ്ജ് ട്രെയ്നർമാർക്കും അക്ഷയ, ഐ.ടി. |

സംരംഭകർക്കും ഓൺ-ലൈൻ ഹജ്ജ് അപേക്ഷ സംബന്ധമായ ട്രെയിനിംങ്.

4. ഹജ്ജ് അപേക്ഷ സമർപ്പിച്ചവരുടെ സംസ്ഥാനതല വെരിഫിക്കേഷനും കവർ നമ്പർ

(അപേക്ഷകരുടെ രജിസ്ട്രേഷൻ നമ്പർ) അനുവദിക്കലും.

5. തെരഞ്ഞെടുക്കപ്പെട്ട ഹാജിമാർക്കുള്ള ഒന്നാം ഘട്ട പരിശീലന ക്ലാസ്സ്.

6. തെരഞ്ഞെടുക്കപ്പെട്ടവരുടെ പാസ്പോർട്ടും പണമടച്ച രശീത് മറ്റു രേഖകളും സ്വീകരിക്കൽ.

7. വെയ്റ്റിംഗ് ലിസ്റ്റ് റിലീസിംഗ്.

8. വെയ്റ്റിങ്ങ് ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ പണം അടക്കൽ, രേഖകൾ

സ്വീകരിക്കൽ.

9. തെരഞ്ഞെടുക്കപ്പെട്ട ഹാജിമാർക്കുള്ള രണ്ടാം ഘട്ട പരിശീലന ക്ലാസ്സ്.

10. ക്യാൻസലേഷൻ / മെഹ്റം സബ്സ്റ്റിറ്റ്യൂഷൻ/ ക്ലബ്ബിംഗ്/ ന്യൂ ഇൻഫന്റ്/ ട്രാൻസ്ഫർ തുടങ്ങിയ

അപേക്ഷകൾ സ്വീകരിക്കൽ.

11. ഹാജിമാരുടെ സംശയ നിവാരണം / പരാതി പരിഹാര സെൽ.

12. മെഹ്റം ക്വാട്ട അപേക്ഷകൾ സ്വീകരിക്കൽ.

13. രണ്ടാം ഘട്ട പണമടക്കൽ - പേ-ഇൻ സ്ലിപ്- സ്വീകരിക്കൽ.

14. മൂന്നാം ഘട്ട പരിശീലന ക്ലാസ്സ്.

15. വാക്സിനേഷൻ: മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ

എന്നിവ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ഹജ്ജ് യാത്രയ്ക്ക് മുമ്പായി അതാത് ജില്ലാ

ആശുപത്രികൾ മുഖേന ലഭ്യമാക്കൽ.

16. ഫ്ലൈറ്റ് ഷെഡ്യൂൾ (യാത്രാ തിയ്യതി) പ്രസിദ്ധീകരിക്കൽ.

| | | | |
|---|---|---|---|
| | | | **17. യാത്രാ ഷെഡ്യൂൾ സംബന്ധിച്ച ഹാജിമാരുടെ അപേക്ഷകൾ സ്വീകരിക്കൽ.**<br><br>**18. ഫ്ലൈറ്റ് മാനിഫെസ്റ്റ് തയ്യാറാക്കലും, യാത്രാ തീയതി സംബന്ധിച്ച അറിയിപ്പ് നൽകലും.**<br><br>**19. ആദ്യ സംഘത്തിന്റെ യാത്രയയപ്പ് (ക്യാമ്പിൽ നിന്നും).**<br><br>**20 ഹജ്ജ് കഴിഞ്ഞ് മടങ്ങിയെത്തുന്ന ഹാജിമാരെ എയർപോർട്ടിൽ സ്വീകരിക്കലും, അവർക്ക്**<br><br>**സംസം, ലഗേജ് വിതരണം ചെയ്ത് വീടുകളിലേക്ക് യാത്രയാക്കലും.** |
| (ബി) | സംസ്ഥാനത്ത് നിന്നും ഹജ്ജ് കർമ്മങ്ങൾക്കായി ഈ വർഷവും കഴിഞ്ഞവർഷവും പോയ തീർത്ഥാടകരുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിന്നും ഹജ്ജ് കർമ്മങ്ങൾക്കായി ഈ വർഷവും കഴിഞ്ഞവർഷവും പോയ തീർത്ഥാടകരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഹജ്ജ് കർമ്മവുമായി ബന്ധപ്പെട്ട യാത്രാ രേഖകളും മറ്റും സുഗമമായി ലഭിക്കുന്നതിന് തീർത്ഥാടകരെ സഹായിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തു നിന്നും ഹജ്ജ് കർമ്മത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ യാത്രാ രേഖകൾ<br><br>ശരിയാക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയ്തുവരുന്നുണ്ട്.<br><br>1) ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹജ്ജ്<br><br>ട്രെയിനർമാരുടെ സഹായത്തോടെ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കാറുണ്ട്.<br><br>2) അക്ഷയ / ഐ.ടി. സംരംഭകർക്ക് ഹജ്ജ് രേഖകളും, അപേക്ഷയും സംബന്ധമായ സാങ്കേതിക<br><br>പഠന ക്ലാസ്സുകൾ നൽകുന്നു.<br><br>3) തെരഞ്ഞെടുക്കപ്പെട്ടവരുടെ പാസ്പോർട്ടുകൾ സ്വീകരിക്കുന്നതിന് കരിപ്പൂർ ഹജ്ജ്ഹൗസിലും,<br><br>കോഴിക്കോട് പുതിയറ റീജ്യണൽ ഓഫീസിലും കൗണ്ടറുകൾ പ്രവർത്തിക്കാറുണ്ട്.<br><br>4) പാസ്പോർട്ടുകൾ സ്വീകരിക്കുന്നതിന് കൊച്ചിയിലും, കണ്ണൂരും പ്രത്യേകം ക്യാമ്പുകൾ<br><br>സംഘടിപ്പിക്കുന്നു.<br><br>5) ഹജ്ജ് വാക്സിനേഷൻ സർട്ടിഫിക്കറ്റും, ട്രൈനിംഗ് ക്ലാസ്സിൽ പങ്കെടുത്ത വിവരങ്ങളും |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയ ഹെൽത്ത് & ട്രൈനിംഗ് കാർഡ് വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്ത് നിന്നും ഹജ്ജ് കർമ്മങ്ങൾക്കായി ഈ വർഷവും കഴിഞ്ഞവർഷവും പോയ തീർത്ഥാടകരുടെ എംബാർക്കേഷൻ തിരിച്ചുള്ള എണ്ണം**

## ഹജ്ജ് 2023

| SL No | EMBARKATION | NO OF PILGRIMS FROM KERALA | OTHER STATE PILGRIMS | TOTAL PILGRIMS |
|---|---|---|---|---|
| 1 | CALICUT | 7026 | 19 | 7045 |
| 2 | KOCHI | 2268 | 213 | 2481 |
| 3 | KANNUR | 1958 | 72 | 2030 |
| | **TOTAL** | **11,252** | **304** | **11556** |

## ഹജ്ജ് 2024

| SL No | EMBARKATION | NO OF PILGRIMS FROM KERALA | OTHER STATE PILGRIMS | TOTAL PILGRIMS |
|---|---|---|---|---|
| 1 | CALICUT | 10490 | 25 | 10515 |
| 2 | KOCHI | 4276 | 201 | 4477 |
| 3 | KANNUR | 3154 | 54 | 3208 |
| | **TOTAL** | **17920** | **280** | **18200** |

സെക്ഷൻ ഓഫീസർ